സി.ജനറൽ(1) 58900/2014/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം–12
തീയതി. 17/10/2014

പ്രേഷിതൻ

സെക്രട്ടറി
പരീക്ഷാഭവൻ

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം– എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് –2015
സൂചന– 16/10/2014 ലെ വിജ്ഞാപനം

2015 മാർച്ച് മാസം 9–ാം തീയതി ആരംഭിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗ തീയതിയും സ്ഥലവും അനുബന്ധമായി ചേർത്തിരിക്കുന്നു. താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത എയ്ഡഡ് ഹൈസ്കൂളുകളിലേയും പ്രധാന അദ്ധ്യാപകർ പ്രസ്തുത യോഗത്തിൽ എത്തിചേരാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്. എസ്.എസ്.എൽ.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുന്ന യോഗമായതിനാൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമാവും പങ്കെടുക്കേണ്ടതാണ്.

യോഗം കൃത്യസമയത്ത് തന്നെ ആരംഭിക്കുന്നതാണെന്ന കാര്യം ഹെഡ്മാസ്റ്റർമാരെ പ്രത്യേകം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ യോഗ കേന്ദ്രങ്ങളിൽ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും , (ഇരിപ്പിട സൗകര്യം, ഉച്ചഭാഷിണി, ജനറേറ്റർ ഉൾപ്പെടെ) (ചായയും ലഘുഭക്ഷണവും) ഉറപ്പു വരുത്തേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസറും, സെക്ഷൻ ക്ലാർക്കും പ്രസ്തുത യോഗത്തിൽ നിർബന്ധമാവും എത്തിചേരേണ്ടതാണ്. പങ്കെടുത്ത ഹെഡ്മാസ്റ്റർമാരുടെ അറ്റൻഡൻസ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ് )
സെക്രട്ടറി

**NB**-യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം നൽകുന്നു. യോഗ നടപടി ആരംഭിക്കുന്നതിനു മുമ്പ് തന്നെ മുഴുവൻ അധ്യാപകരുടേയും ഹാജർ ശേഖരിച്ച് പരീക്ഷാ സെക്രട്ടറിയ്ക്ക് കൈമാറേണ്ടതാണ്.